**മമ്പാട് ഗ്രാമ പഞ്ചായത്ത്**

**ബജറ്റ് പ്രസംഗം**

**(അവതരണം : ശമീന കാഞ്ഞിരാല ,പ്രസിഡൻറ്,മമ്പാട് ഗ്രാമ പഞ്ചായത്ത്)**

മമ്പാട് ഗ്രാമപഞ്ചായത്തിൻറെ 2026-27 വർഷത്തെ ബജറ്റ് അവതരണ യോഗത്തിലേയ്ക്ക് എല്ലാവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. യുക്തിസഹവും നീതിയുക്തവുമായുമുള്ള ഒരു ബജറ്റ് ആണ് 2026-27 വർഷത്തേക്ക് ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. . ഓരോ മേഖലകളിലേയും പരിചയ സമ്പന്നരായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് മേഖലയുടെ മനസ്സറിഞ്ഞ് നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തിൻറെ ബജറ്റ് സർവ്വ മേഖലകളെയും സ്പർശിച്ച് കടന്നുപോകുന്ന ഒന്നാണ്. പൂർത്തീകരിക്കാൻ സാധിക്കുമെന്നുറപ്പുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ആവശ്യങ്ങൾ അർഹരായവരിൽ എത്തിക്കാനുള്ള എല്ലാ ശ്രമങ്ങളും ബജറ്റിൽ നടത്തിയിട്ടുണ്ടെന്നത് ചാരിതാർത്ഥ്യം നൽകുന്ന ഒന്നാണ്. ഗ്രാമപഞ്ചായത്തിൻറെ ചുമതലകൾക്ക് പുറമേ ജനോപകാരപ്രദമായ പദ്ധതികൾ കൃത്യമായ ആസൂത്രണത്തിലൂടെ നടപ്പാക്കുന്നതിന് ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. തെരഞ്ഞെടുപ്പ് കാലത്ത് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്നതിൻറെ തുടക്കമെന്നോണം അതിനുതകുന്ന പദ്ധതികളാണ് ജനസമക്ഷം ഗ്രാമപഞ്ചായത്ത് ബജറ്റ് വർഷം അവതരിപ്പിക്കുന്നത്.

നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ നിന്നും വിഭിന്നമായി പുതിയ ആശയങ്ങളും കാഴ്ചപ്പാടുകളുമായാണ് ബജറ്റ് വർഷം ഗ്രാമപഞ്ചായത്ത് ജനങ്ങളിലേയ്ക്കിറങ്ങുന്നത്.

. വിശദമായ വകയിരുത്തലുകളടങ്ങിയ ബജറ്റ് സ്റ്റേറ്റ്മെൻറ് അവതരിപ്പിക്കുന്നതിന് വൈസ് പ്രസിഡണ്ടിനെ ക്ഷണിക്കുന്നു

ശമീന കാഞ്ഞിരാല

(പ്രസിഡൻറ്,മമ്പാട് ഗ്രാമ പഞ്ചായത്ത്)

മമ്പാട്

03.03.2026

**മമ്പാട് ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് 2026 - 27**

**(അവതരണം ശ്രീ. നിഷാദ് പാലോളി. വൈസ് പ്രസിഡണ്ട് മമ്പാട് ഗ്രാമപഞ്ചായത്ത്)**

മമ്പാട് ഗ്രാമപഞ്ചായത്തിൻറെ ആദരണീയയായ പ്രസിഡൻറ്, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺസ്, പ്രിയപ്പെട്ട മറ്റ് ജനപ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപനമേധാവികൾ, ജീവനക്കാർ, ബജറ്റ് യോഗത്തിൽ സംബന്ധിക്കുന്ന മറ്റു വിശിഷ്ട വ്യക്തികളെ;

2026-27 വർഷത്തെ ബജറ്റ് അവതരണ യോഗത്തിലേക്ക് എല്ലാവരെയും ആദരപൂർവ്വം ക്ഷണിക്കുന്നു. ഈ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റ് യോഗമാണിത്.

ഇന്ന് ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ, അത് വെറും അക്കൗണ്ടുകളുടെ കണക്കെടുപ്പ് മാത്രമല്ല; മമ്പാട് ഗ്രാമപഞ്ചായത്തിൻറെ സ്വപ്നങ്ങളും പ്രതീക്ഷകളും ഭാവിയുടെ ദിശയും രേഖപ്പെടുത്തുന്ന ഒരു ദൗത്യപ്രഖ്യാപനമാണ്. ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുന്ന തനത് ഫണ്ട് പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും ആയത് ജനോപകാരപ്രദമായി വിനിയോഗിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. ശേഖരിക്കപ്പെടുന്ന വിഭവം ബുദ്ധിപൂർവ്വമായി വിന്യസിക്കുകയെന്ന ശ്രമകരമായ ഈ ദൌത്യത്തിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇന്ത്യയുടെ ആത്മാവ് അതിൻറെ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്ന വാക്കുകൾ ഇന്ന് മമ്പാട് ഗ്രാമപഞ്ചായത്തിൻറെ ബജറ്റ് തയ്യാറാക്കുമ്പോൾ വീണ്ടും വീണ്ടും മനസ്സിൽ മുഴങ്ങുന്നു. ഇന്ത്യയുടെ ശക്തി ഗ്രാമങ്ങളിൽ തന്നെയാണെങ്കിൽ, ആ ശക്തിയെ ഉണർത്തുക എന്നത് നമ്മുടെ ബാധ്യതയാണ്. ജനങ്ങളുടെ കൈകളിൽ അധികാരം നൽകിയത് വെറും ഭരണഘടനാ ഭേദഗതി കൊണ്ടല്ല അത് ഒരു രാഷ്ട്രീയ ദർശനത്തിൻറെ ഫലമായിരുന്നു. രാജീവ് ഗാന്ധിയുടെ സ്വപ്നമായ അധികാരം ഗ്രാമങ്ങളിലേക്ക് എത്തിക്കുന്ന വികേന്ദ്രീകരണ നയത്തിൻറെ ആത്മാവാണ് നമ്മുടെ പഞ്ചായത്തുകളുടെ ശക്തി. അദ്ദേഹത്തിൻറെ ദർശന പ്രകാരം ഗ്രാമങ്ങൾ ശക്തിപ്പെട്ടാൽ രാജ്യം ശക്തമാകും. അതുകൊണ്ടാണ് സമഗ്ര വികസനം ശക്തമായ ഗ്രാമം എന്ന ലക്ഷ്യത്തോടെ ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ സേവന മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്നതാണ് ബജറ്റ് .ഒപ്പം പശ്ചാത്തലമേഖലയ്ക്കും ഉല്പാദനമേഖലയ്ക്കും ആവശ്യമായ പരിഗണനകൾ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. മമ്പാട് ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും

പ്രധാന ആവശ്യങ്ങളിലൊന്നായ മമ്പാട് ടൌണിൽ ബസ് സ്റ്റാൻറ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി ഈ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ബജറ്റ് വർഷത്തെ പ്രാരംഭ ബാക്കി 70615469/- രൂപയാണ്. നികുതി നികുതിയേതര വരുമാനമായി ആകെ 20524200/- രൂപയും പരമ്പരാഗത ചുമതലകൾക്കുള്ള വിഹിതമായി 31132000/- രൂപയും വരുമാനമായി പ്രതീക്ഷിക്കുന്നു. ആകെ 521804540/- രൂപ വരവും 255127279/- രൂപ ചെലവും 266677261/- രൂപ നീക്കി ബാക്കിയും ബജറ്റ് വർഷം കണക്കാക്കുന്നു. 2025-26 ബജറ്റ് വർഷത്തെ പദ്ധതി ചെലവുകൾ പൂർണ്ണമായും കൊണ്ടു വരുന്നതിന് കെ-സ്മാർട്ട് മൊഡ്യൂളുകളിൽ സാധിക്കാതിരുന്നതിനാൽ 60759258/- രൂപയുടെ ആകെ പദ്ധതി ചെലവ് ടി വർഷം വരാനുണ്ടെന്ന് കണക്കാക്കിയിരുന്നു. അതുപോലെത്തന്നെ ബജറ്റ് വർഷവും പദ്ധതി ചെലവുകൾ കെ- സ്മാർട്ടിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ബജറ്റ് വർഷം പദ്ധതി ചെലവായി കണക്കാക്കിയ 188346400/- രൂപയും ചേർത്ത് ആകെ 249105658/- രൂപ ചെലവിനത്തിൽ അധികമായി പ്രതീക്ഷിക്കുന്നു. എല്ലാ തുകകളും പരിഗണിക്കുമ്പോൾ ബജറ്റ് വർഷം 266677261/- രൂപയിൽ നിന്നും 249105658/- രൂപ കുറവ് ചെയത് 17571603/- രൂപ നീക്കി ബാക്കി കണക്കാക്കിയിരിക്കുന്നു.

**<u>ബജറ്റ് വർഷത്തിൽ വിവിധ മേഖലകളിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങളും വിവരണവും</u>**

**<u>ഉൽപാദനം</u>**

ഉൽപാദന മേഖലയിൽ 18900000/- രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

1. **<u>കൃഷി</u>**

കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് വർഷം 7470000/- രൂപ വകയിരുത്തിയിട്ടുണ്ട്. മേഖലയിലെ പ്രധാനപ്പെട്ട ഇടപെടലുകൾ താഴെ ചേർക്കുന്നു.

- സമഗ്ര നെൽകൃഷി വികസനം -30 ലക്ഷം രൂപ
- സമഗ്ര വാഴകൃഷി വികസനം – 7 ലക്ഷം രൂപ
- തെങ്ങ് കൃഷിക്ക് കുമ്മായം വിതരണം -320000 രൂപ
- സമഗ്ര പച്ചക്കറി വികസനം -250000/- രൂപ

  തെങ്ങ് കൃഷിയിൽ വിളവ് വർദ്ധിപ്പിക്കുന്നതിന് ക്രൊൺ ക്ലീനിംഗ് പദ്ധതി നടപ്പിലാക്കുന്നതിനും കപ്പ കൃഷിക്കും , മട്ടുപ്പാവിലെ ഗ്രോബാഗ് കൃഷിക്കും ഫലവൃക്ഷത്തൈ വിതരണത്തിനും, വീട്ടുവളപ്പിൽ കൂൺ കൃഷി നടത്തുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

2. **<u>മൃഗസംരക്ഷണം , ക്ഷീരവികസനം</u>**

മൃഗ സംരക്ഷണ മേഖല ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ബജറ്റ് വർഷം ലക്ഷ്യമിടുന്നു. ക്ഷീരകർഷകർ അളക്കുന്ന പാലിന് സബ്സിഡി ഉറപ്പാക്കുന്നതിനായി 950000/- രൂപ വകയിരുത്തുന്നു. കൂടാതെ മേഖലയിലെ പ്രധാന വകയിരുത്തലുകൾ താഴെ ചേർക്കുന്നു.

- കോഴി വളർത്തലിനായി 10 ലക്ഷം രൂപ അനുവദിക്കുന്നു
- വനിതകൾക്ക് ആടും കൂടും പദ്ധതിക്കായി 11 ലക്ഷം രൂപ
- കറവപശുക്കൾക്ക് കാലിത്തീറ്റയ്ക്കായി 18 ലക്ഷം രൂപ

കന്നുകാലികളുടെ ആരോഗ്യം ഉറപ്പാക്കുന്നതിനായി ധാതുലവണ മിശ്രിതത്തിനും തുക അനുവദിച്ചിട്ടുണ്ട്. . ഇതിന് പുറമെ മൃഗാശുപത്രിയിൽ മരുന്നുകൾ ഉറപ്പ വരുത്തുന്നതിനായും മൃഗാശുപത്രിയിൽ ആവശ്യമായ ഫർണിച്ചർ വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

പൊതുജനം നേരിടുന്ന വലിയൊരു പ്രശ്നമായ തെരുവ് നായ ശല്യത്തിൻറെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ തെരുവുനായ്ക്കളുടെ എണ്ണം ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിനായുള്ള അനിമൽ ബർത്ത് കൺട്രോൾ ഷെൽട്ടർ നിർമ്മാണത്തിനായി 7050000/- രുപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തെരുവുനായ്ക്കളെ പിടികൂടി ഈ ഷെൽട്ടറുകളിലെത്തിച്ച് ശാസ്ത്രക്രിയയിലൂടെ വന്ധ്യംകരിക്കുകയും പേവിഷബാധക്കെതിരെയുള്ള കുത്തിവെപ്പ് നൽകുകയും ചെയ്യുന്നു. ഇത് തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നത് തടയാൻ സഹായിക്കുന്നു.

**<u>സേവന മേഖല</u>**

ജനക്ഷേമത്തിനായി സേവന മേഖല ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ആകെ 111500000/- രൂപയാണ് മേഖലയ്ക്കായി ഗ്രാമ പഞ്ചായത്ത് അനുവദിച്ചിട്ടുള്ളത്. ഭവന-ആരോഗ്യ-വിദ്യാഭ്യാസ-മാലിന്യ സംസ്കരണ മേഖലയിലാണ് ഇതിൻറ് ഭൂരിഭാഗം തുകയും അനുവദിച്ചിട്ടുള്ളത്.

1. **<u>വിദ്യാഭ്യാസം, കായികം</u>**

വിദ്യാഭ്യാസം, കായിക മേഖലകൾക്കായി 2400000/- രൂപ അനുവദിക്കുന്നു. പൊതു സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായും പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

സ്കൂളുകൾക്ക് ഡസ്കും ബഞ്ചും വാങ്ങുന്നതിനായി 20 ലക്ഷം രൂപയും തുടർ വിദ്യാഭ്യാസത്തിനായി 50000/- രൂപയും വിജയഭേരി, വിജയസ്പർശം പദ്ധതിക്കായി 50000/- രൂപയും വകയിരുത്തിയിട്ടുണ്ട്.. കൂടാതെ അംഗീകൃത ഗ്രന്ഥശാലകൾക്ക് പത്രം വിതരണത്തിനായും അംഗീകൃത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ഇതിനെല്ലാം പുറമേ എസ് എസ് കെ വിഹിതമായി 8 ലക്ഷം രൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

## 2. പട്ടികജാതി പട്ടികവർഗ്ഗ വികസനം

. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയെ കൈപ്പിടിച്ചുയർത്തി സമൂഹത്തിൻറെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. മേഖലയിലെ പ്രധാന പരിപാടികൾ താഴെ ചേർക്കുന്നു.

- ഭവനനിർമ്മാണ മേഖലയ്ക്കായി 24 ലക്ഷം രൂപ
- പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 950000/- രൂപ
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി 10 ലക്ഷം രൂപ
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് 750000 രൂപ
- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ 15 ലക്ഷം രൂപ
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 125000/- രൂപ
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് 5 ലക്ഷം രൂപ
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ 5 ലക്ഷം രൂപ

കൂടാതെ വിവിധ എസ് സി , എസ് ടി ഉന്നതികളിലെ ഭൂമി സംരക്ഷണത്തിനും, കുടിവെള്ള പദ്ധതികൾക്കും , റോഡ് നിർമ്മാണത്തിനും റോഡ് പുനരുദ്ധാരണത്തിനും പട്ടികജാതി , പട്ടികവർഗ്ഗ ശ്മശാന ആവശ്യങ്ങൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

## 3. ആരോഗ്യം

ഗ്രാമീണ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ മികവുറ്റ പ്രവർത്തനം ഉറപ്പ് വരുത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സ്ഥാപനങ്ങളിൽ മരുന്ന് വാങ്ങുന്നതിനായി 880000/- രൂപ വകയിരുത്തിയിട്ടുണ്ട്. ശയ്യാവലംബരായ ആളുകളുടെ സംരക്ഷണം പൊതു സമൂഹത്തിൻറെ ഉത്തരവാദിത്വമാണെന്ന ബോദ്ധ്യത്തിൽ നിന്നും പെയിൻ ആൻറ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- ആരോഗ്യഭേരി പ്രവർത്തനങ്ങൾ - 2 ലക്ഷം രൂപ
- അതിദരിദ്രർക്ക് മരുന്നുവാങ്ങൽ 150000/- രൂപ

എന്നിവയ്ക്ക് പുറമേ മമ്പാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഈവനിംഗ് ഒ പി പ്രവർത്തനത്തിനും ഗൈനക്കോളജി സേവനത്തിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

4. **കുടിവെള്ളം . ജലസംരക്ഷണം**

വേനലിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിൽ നിരവധി കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചുവരുന്നു. കുടിവെള്ളം ,ജലസംരക്ഷണവുമായി ബന്ധപ്പെട്ട് 4179000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

5. **ശുചിത്വ - മാലിന്യ സംസ്കരണ പരിപാടികൾ**

മാലിന്യത്തിൻറെ ശരിയായ കൈകാര്യം വ്യക്തികളുടെ സ്വഭാവവുമായി ബന്ധപ്പെട്ടതാണ്. ചെറുപ്പം മുതൽക്കേ ശീലിച്ചു വരുന്നതാണ് വ്യക്തിയായും പിന്നീട് സാമൂഹ്യമായും കൈമാറുന്നത്. അതുകൊണ്ട് തന്നെ പൊതുജനങ്ങളിൽ ശുചിത്വത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും അവരുടെ ശീലങ്ങളിൽ മാറ്റം വരുത്തുന്നതിനുമായി നടത്തുന്ന ഐ.ഇ.സി പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തമായി തുടരേണ്ടത് അത്യന്താപേക്ഷികമാണ്. ആയതിനായി 62000/- രൂപ വകയിരുത്തുന്നു. മേഖലയിൽ കൂടുതൽ കർശനമായി നിയമം നടപ്പാക്കേണ്ടതുണ്ട്.

- അജൈവ മാലിന്യം മൂല്യരഹിതമായവ കൈമാറൽ-1800000 രൂപ
- പൊതുയിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ -500000 രൂപ
- പൊതുയിടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ -50000/- രൂപ
- ഹരിതകർമ്മസേന വാഹന ചെലവുകൾ - 1 ലക്ഷം രൂപ
- ഹരിതകർമ്മ സേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ - 4 ലക്ഷം രൂപ
- കിടപ്പിലായ രോഗികളുടെ ബയോമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഏജൻസിക്ക് കൈമാറൽ - 1 ലക്ഷം
- എം സി എഫ് കെട്ടിട നിർമ്മാണം- 3000000/-
- മമ്പാട് പൊതുശ്മശാനം വാതക/ വൈദ്യുതിയാക്കി മാറ്റൽ-1100000/-

എന്നീ പദ്ധതികൾക്ക് തുക അനുവദിക്കുന്നു. ദുർബല വിഭാഗങ്ങളുടെ യൂസർഫീ ഇനത്തിൽ ടി ആളുകൾക്ക് വരുന്ന സാമ്പത്തികഭാരം ഒഴിവാക്കുന്നതിനും യൂസർഫീ സാർവ്വത്രികമാക്കുന്നതിനും 2ലക്ഷം രൂപ കൂടി അനുവദിക്കുന്നു

## 6. വയോജന ഭിന്നശേഷി ക്ഷേമ പരിപാടികൾ

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടതും ഏറെ ദുരിതം അനുഭവിക്കുന്നതുമായ വയോജനങ്ങളെയും ഭിന്നശേഷിക്കാരുടെയും പ്രശ്നങ്ങൾ സഗൌരവം പരിഗണിച്ചിട്ടുള്ള ബജറ്റാണിത്. ഭിന്നശേഷി മേഖലയിൽ ആകെ 8500000/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർക്ക് അനുവദനീയമായ പരമാവധി തുക സ്കോളർഷിപ്പിന് വകയിരുത്തിയിട്ടുണ്ട്. 56 ലക്ഷം രൂപ ഇതിനു മാത്രമായി മാറ്റിവെച്ചിരിക്കുന്നു. ഭിന്നശേഷിക്കാരുടെ കലോത്സവത്തിനായി 75000/- രൂപയും ഭിന്നശേഷി ഉപകരണ നിർണ്ണയ ക്യാമ്പിന് 1 ലക്ഷം രൂപയും മെഡിക്കൽ ക്യാമ്പിന് 50000/- രൂപയും ഭിന്നശേഷിക്കാരുടെ ഉല്ലാസയാത്രയ്ക്ക് 100000/- രൂപയും അംഗപരിമിതർക്ക് ഇലക്ട്രിക്ക് വീൽചെയർവാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുനനതിന് 240000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനത്തിനായി 2 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്സ് റീഹാബിലിറ്റേഷൻ സെൻററുകൾ ഗ്രാമ പഞ്ചായത്തിൻറെ ഉത്തരവാദിത്വമായി ഭരണസമിതി കാണുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ സെൻറിൻറെ പ്രവർത്തനങ്ങൾക്കായി 8 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി ഏതു സേവനം നൽകുന്നതിനും ഗ്രാമപഞ്ചായത്ത് എല്ലായിപ്പോഴും പ്രതിജ്ഞാബദ്ധമാണെന്ന ഉറപ്പു കൂടി ഈ ബജറ്റ് അവതരണ വേളയിൽ നൽകുവാൻ ആഗ്രഹിക്കുന്നു.

വയോജന വിഭാഗങ്ങൾക്കായി ആകെ 25 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. വയോജനങ്ങൾക്ക് ഉല്ലാസയാത്രയ്ക്കും വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

## 7. വനിതാ ശിശു ക്ഷേമ പരിപാടികൾ

വനിതകളുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ച് സമൂഹത്തിൽ ലിംഗനീതി ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് കൂടുതൽ സജീവമായി ഇടപെടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജാഗ്രതാസമിതി ശാക്തീകരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 50000/- രൂപയും

സ്ത്രീ ശാക്തീകരണ ക്യാമ്പയിന് 2 ലക്ഷം രൂപയും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. വനിതകൾക്ക് ഓപ്പൺ ജിം ആരംഭിക്കുന്നതിനും ഷീ ടോയിലറ്റിനും കർഷിക മേഖലയിൽ വനിതകൾക്ക് വരുമാനം ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പരിപാടികളിൽ അങ്കൺവാടികളുടെ പങ്ക് വലുതാണ്. അതുകൊണ്ട് തന്നെ വിവിധ അങ്കൺവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടിയ്ക്കായി 65 ലക്ഷം രൂപ, ബാലസഭ നടത്തിപ്പിനായി 20000/- രൂപ അങ്കൺവാടി കലോത്സവത്തിന് 30000/- രൂപ എന്നിവയും വകയിരുത്തിയിട്ടുണ്ട്.

## 8. ഭവന പദ്ധതിയും ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും

ഭവനരഹിതരായവർക്ക് വീടുലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിനുള്ള പദ്ധതി വിഹിതത്തിൽ നിന്നും തുക അടവാക്കുന്ന വിധത്തിൽ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് വായ്പയായി തുക സമാഹരിക്കുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന നിലവിലുള്ള സംവിധാനത്തോട് ചേർന്നു പോകുന്നു. പർപ്പിട മേഖലയ്ക്ക് ആകെ 37700000/- രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. വീട് റിപ്പയറിംഗിനുള്ള 30 ലക്ഷം രൂപയും ഇതിലുൾപ്പെടുന്നു.

അതിദാരിദ്ര്യ നിർമ്മാർജ്ജനം സാമൂഹ്യ ഉത്തരവാദിത്വമാണെന്നിരിക്കെ ആയതിനുള്ള കൈത്താങ്ങ് ഗ്രാമ പഞ്ചായത്തിൽ നിന്നും എക്കാലവും ഉണ്ടായിട്ടുണ്ട്. ഇതിനെല്ലാം പുറമെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 56609000/- രൂപ കൂടി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്.

മമ്പാട് ഗ്രാമപഞ്ചായത്തിൽ രോഗംമൂലവും മറ്റും ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി പ്രസിഡണ്ടിൻറെ ദുരിതാശ്വാസ നിധി മുഖേന ധനശേഖരണം നടത്തി ധനസഹായം വിതരണം ചെയ്യുന്നതിനും മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

## പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയ്ക്കായി ആകെ 59800000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

1. **റോഡുകൾ മറ്റ് ഗതാഗത സൌകര്യമൊരുക്കൽ**

ഗ്രാമീണ മേഖലയിലെ റോഡുകളുടെ നവീകരണം പരിപാലനം പുതിയ റോഡുകളുടെ നിർമ്മാണം എന്നിങ്ങനെയുള്ള മേഖലയിൽ ഗ്രാമപഞ്ചായത്ത് വലിയതുക വർഷം തോറും വകയിരുത്തുന്നുണ്ട്. നടപ്പ് വർഷം റോഡുകളുടെ പരിപാലനത്തിനായി മാത്രം 25449000/- രൂപ അനുവദിക്കുന്നു.

2. **ഊർജ്ജം**

ഗ്രാമപഞ്ചായത്തിൻറെ അനിവാര്യമേഖലയിൽപെട്ടതും ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യവുമായ തെരുവ് വിളക്കുകളുടെ പരിപാലനത്തിനും പുതിയവ സ്ഥാപിക്കുന്നതിനുമായി മുൻവർഷം വകയിരുത്തിയ തുകയ്ക്കുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കുന്നുണ്ട്. ബജറ്റ് വർഷം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമായി 25 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഉപസംഹാരം**

സർവ്വമേഖലയെയും സ്പർശിച്ചു കൊണ്ടും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക ശ്രദ്ധ ചെലുത്തികൊണ്ടും ഗ്രാമപഞ്ചായത്തിൻറെ സമസ്ത മേഖലയിലും സാർവത്രികവും സന്തുലിതവുമായ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം വെച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും പൊതുപ്രവർത്തകർക്കും ഏറെ കാര്യങ്ങൾ സംഭാവന ചെയ്യാൻ സാധിക്കുന്ന സാമൂഹ്യാന്തരീക്ഷത്തിൽ എല്ലാവരും അതിന് വ്യക്തിപരമായി കൂടി സന്നദ്ധരാകേണ്ടതുണ്ടെന്ന് ഒരിക്കൽ കൂടി വിനീതമായി ഓർമ്മിപ്പിക്കുന്നു.

3. 2026-27 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിൻറെ സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| A | പ്രാരംഭ ബാക്കി | | 70615469 |
| B | നികുതി വരുമാനം | Tax Revenue 110 | 12820000 |
| C | നികുതിയേതര വരുമാനം | Fees and User Charges - 140<br>Sale and Hire Charges - 150<br>Interest Earned - 171<br>Prior Period Items - 280<br>Rental Income -LB Properties - 130 | 7704200 |
| D | ജനറൽ പർപ്പസ് ഫണ്ട് | Revenue Grants, Contributions and Subsidies - 160 | 31132000 |
| E | ആകെ B+C+D | | 51656200 |
| F | സാമൂഹ്യ സുരക്ഷ പെൻഷൻ വരവുകൾ | Revenue Grants, Contributions and Subsidies - 160 | 156354000 |
| G | ആകെ E+F | | 208010200 |
| H | മറ്റ് റവന്യൂ വരവുകൾ | Earmarked Funds-311<br>Grants, Contribution for Specific Purposes - 320 Secured Loans - 330<br>Deposits Received - 340<br>Other Liabilities - 350<br>Advances and Deposits - 460 | 243178871 |
| I | ആകെ വരവ് G+H+A | | 521804540 |

| | | | |
|---|---|---|---|
| J | ആകെ റവന്യൂ ചെലവ് | Establishment Expenses - 210<br>Administrative Expenses - 220<br>Operation and Maintenance - 230<br>Interest and Finance Charges - 240<br>Programe Expenses - 250<br>Expenses Related to Productive Sector - 251 Expenses Related to Service Sector - 252 Expenses Related to Infrastructure Sector - 253<br>Expenses related to State Sponsored Schemes -254 Revenue Grants, Cotributions and Subsidies - 260<br>Prior Period Items - 280 | 249155000 |
| K | ആകെ മൂലധന ചെലവ് | Grants, Contribution for Specific Purposes - 320 Refund of Deposits - 340<br>Payment of Recoveries - 350<br>Fixed Assets - 410<br>Stock in Hand - 431<br>Loans, Advances and Deposits - 460 | 5972279 |
| L | ആകെ ചെലവ് ( W+X) | | 255127279 |
| M | ബാക്കി (I-L) | | 266677261 |
| N | 2025-26 വർഷം കെ സ്മാർട്ടിൽ ലഭ്യമല്ലാത്ത പദ്ധതി ചെലവ് തുക | | 60759258 |
| O | 2026-27 വർഷം കെ സ്മാർട്ടിൽ ലഭ്യമാകാത്ത പദ്ധതി ചെലവ് തുക | | 188346400 |
| P | ആകെ (N+O) | | 249105658 |
| Q | 31/03/2027 ലെ നീക്കി ബാക്കി (M-P) | | 17571603 |

മമ്പാട് ഗ്രാമപഞ്ചായത്തിൻറെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് ഈ ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.